പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.500

25.10.2016-ൽ മറുപടിയ്ക്ക്

## കേരള ബാങ്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കിംഗ് മേഖലയിൽ നിലവിലുള്ള ത്രിതല സമ്പ്രദായം ദ്വിതല സംവിധാനത്തിലേക്ക് മാറ്റുന്നതിന് പദ്ധതിയുണ്ടോ; | (എ) ഉണ്ട്. |
| (ബി) 'കേരള ബാങ്ക്' എന്നത് യാഥാർത്ഥ്യമാക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സ.ഉ(സാധാ)നം. 488/16/സഹ. തീയതി 28.9.2016 പ്രകാരം സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകിരിച്ചിട്ടുണ്ട്. സമിതി അംഗങ്ങൾ താഴെപ്പറയുന്നവരാണ്.<br>1. ശ്രീ.എം.എസ്.ശ്രീറാം, പ്രൊഫസർ ഐ.ഐ.എം.ബാംഗ്ലൂർ - ചെയർമാൻ<br>2. ശ്രീ.വി.എസ്.സെന്തിൽ ഐ.എ.എസ് അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം<br>3. ശ്രീ.സി.പി.മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്), നബാർഡ് - അംഗം<br>4. ശ്രീ.റ്റി.പി.ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്), യൂണിയൻ ബാങ്ക് - അംഗം<br>5. ശ്രീ.പി.വേണുഗോപാൽ ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്, മെമ്പർ സെക്രട്ടറി |
| (സി) പ്രസ്തുത ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ട് പ്രകാരമുള്ള വാണിജ്യ ബാങ്കായിരിക്കുമോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ബാങ്കിന്റെ നിയന്ത്രണം ഏത് | (സി) പ്രസ്തുത ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ട് ക്കുടിബാധകമായിട്ടുള്ള സഹകരണ ബാങ്കായിരിക്കും. പ്രസ്തുത ബാങ്കിന്റെ നിയന്ത്രണം സഹകരണ വകുപ്പിനായിരിക്കും. പ്രസ്തുത ബാങ്ക് നിലവിൽ വരുന്നതു വഴി സഹകരണ ബാങ്കിംഗ് |

വകുപ്പിനായിരിക്കുമെന്നും ബാങ്ക് നിലവിൽ വരുന്നതുവഴി സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങളുണ്ടാകുമെന്നും വ്യക്തമാക്കുമോ?

മേഖലയിൽ നിലവിലുള്ള ആവർത്തിത ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ, കുറയ്ക്കുകയോ ചെയ്യുന്നതു കൂടാതെ പലിശ നിരക്കിലും, കുറവ് സാധ്യമാക്കുമെന്നതിനാൽ സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിക്കുവാൻ ഇടയാക്കും. കൂടാതെ വായ്പക്കാരുടെപലിശ ബാദ്ധ്യതയിൽ കുറവ് വരികയും ചെയ്യും. അതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക്ഒരു പുത്തൻ ഉണർവ് നൽകുവാൻ സാധിക്കും, കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യതകാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി വർത്തിക്കുവാൻ പര്യാപ്തമാകും.

സംസ്ഥാനത്ത് ധനനിക്ഷേപങ്ങളും, ക്രെഡിറ്റും വളർത്തിക്കൊണ്ട് വരുന്നതിന് പ്രസ്തുത ബാങ്കിന് ക്രിയാത്മകമായ പങ്ക് വഹിക്കുവാനാകും. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്നും പാവപ്പെട്ടവരെ ഒരു പരിധി വരെ രക്ഷിക്കുവാനും പ്രാദേശിക വികസനം സാരവത്തായി ഉയർത്തുന്നതിനും ഇതു വഴികഴിയും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും മറികടക്കാനാവും. ഇതിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും, സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാധ്യമാക്കുന്ന പല സുപ്രധാന പദ്ധതികളിൽ നിർണ്ണായകമായ പങ്ക് വഹിക്കുവാനും പ്രസ്തുത ബാങ്കിന് സാധിക്കും.

സെക്ഷൻ ഓഫീസർ